<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1950</u> <u>20-06-2024 - ൽ മറുപടിയ്ക്ക്</u>

<u>കരിമ്പ പഞ്ചായത്തിലെ ടർഫ് നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് നിയോജകമണ്ഡലത്തിലെ കരിമ്പ പഞ്ചായത്തിലെ ടർഫ് നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 2021 - 22 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 100 ലക്ഷം രൂപയുടെ ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി തദ്ദേശസ്വയംഭരണ വകുപ്പായിരുന്നു. പിന്നീട് ഈ പദ്ധതി കായിക വകുപ്പിലേക്ക് മാറ്റി നൽകി കൊണ്ട് സർക്കാർ ഉത്തരവിറക്കി. 12.10.2022 ലെ ജി.ഒ. (ആർ.ടി) നം. 259/2022/കാ.യു.വ. ഉത്തരവ് പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കരിമ്പ പഞ്ചായത്ത് സ്റ്റേഡിയത്തിലെ സിന്തറ്റിക് ടർഫിന്റെയും അനുബന്ധ പ്രവൃത്തികളുടേയും നിർമ്മാണത്തിനായി 17.12.2022-ൽ M/s. Guess 9 സ്പോർട്സ്, കോഴിക്കോട് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിൽ 3 മീറ്റർ ഉയരത്തിലുള്ള ഫെൻസിംഗ് ആണ് ഉൾപ്പെടുത്തിയിരുന്നത്. ടി പ്രവൃത്തി ഭരണാനുമതിയ്ക്കുള്ളിൽ പൂർത്തീകരിക്കേണ്ടതിനാലാണ് ഫെൻസിംഗിന്റെ ഉയരം 3 മീറ്ററിൽ നിജപ്പെടുത്തിയത്.<br><br>ബഹു. എം.എൽ.എയുടെ സൈറ്റ് സന്ദർശന വേളയിൽ ടി സ്റ്റേഡിയത്തിൽ 9 മീറ്റർ ഉയരത്തിൽ ഫെൻസിംഗ് ചെയ്യുന്നതിനും ഫ്ളഡ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പോളുകൾ സ്ഥാപിക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഫെൻസിംഗും, ഫ്ളെഡ് ലൈറ്റ് പോളും സ്ഥാപിക്കുന്നതിനുള്ള 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി 08.05.2024 & 07.06.2024 എന്നീ തീയതികളിലായി സ്പോർട്സ് കേരള ഫൗണ്ടേഷൻ പാലക്കാട് ജില്ലാ അസിസ്റ്റൻറ് എഞ്ചിനീയർ ബഹു. എം.എൽ.എ.-യുടെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായാൽ ഉടൻ തന്നെ പദ്ധതി നടപ്പാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ടർഫിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നേരിടുന്ന തടസ്സമെന്തെന്നും അത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ? | (ബി) | 2021 - 22 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 100 ലക്ഷം രൂപയുടെ ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി തദ്ദേശസ്വയംഭരണ വകുപ്പായിരുന്നു. പിന്നീട് ഈ പദ്ധതി കായിക വകുപ്പിലേക്ക് മാറ്റി നൽകി കൊണ്ട് സർക്കാർ ഉത്തരവിറക്കി. 12.10.2022 ലെ ജി.ഒ. (ആർ.ടി) നം. 259/2022/കാ.യു.വ. ഉത്തരവ് പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കരിമ്പ പഞ്ചായത്ത് സ്റ്റേഡിയത്തിലെ സിന്തറ്റിക് ടർഫിന്റെയും അനുബന്ധ പ്രവൃത്തികളുടേയും നിർമ്മാണത്തിനായി 17.12.2022-ൽ M/s. Guess 9 സ്പോർട്സ്, കോഴിക്കോട് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിൽ 3 മീറ്റർ ഉയരത്തിലുള്ള ഫെൻസിംഗ് ആണ് ഉൾപ്പെടുത്തിയിരുന്നത്. ടി പ്രവൃത്തി ഭരണാനുമതിയ്ക്കുള്ളിൽ പൂർത്തീകരിക്കേണ്ടതിനാലാണ് ഫെൻസിംഗിന്റെ ഉയരം 3 മീറ്ററിൽ നിജപ്പെടുത്തിയത്.<br><br>ബഹു. എം.എൽ.എയുടെ സൈറ്റ് സന്ദർശന വേളയിൽ ടി സ്റ്റേഡിയത്തിൽ 9 മീറ്റർ ഉയരത്തിൽ ഫെൻസിംഗ് ചെയ്യുന്നതിനും ഫ്ളഡ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പോളുകൾ സ്ഥാപിക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഫെൻസിംഗും, ഫ്ളെഡ് ലൈറ്റ് പോളും സ്ഥാപിക്കുന്നതിനുള്ള 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി 08.05.2024 & 07.06.2024 എന്നീ തീയതികളിലായി സ്പോർട്സ് കേരള ഫൗണ്ടേഷൻ പാലക്കാട് ജില്ലാ അസിസ്റ്റന്റ് എഞ്ചിനീയർ ബഹു. എം.എൽ.എ.-യുടെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായാൽ ഉടൻ തന്നെ പദ്ധതി നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ